പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

15.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1678

## ക്ഷേമപെൻഷനുകളിലെ കുടിശ്ശിക

ചോദ്യം

ശ്രീ. കെ.കെ.ജയചന്ദ്രൻ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി)

(എ) ഓരോ ക്ഷേമപെൻഷൻ പദ്ധതികളിലുമായി 2015 ഡിസംബർ 31 വരെ എത്ര തുക കുടിശ്ശിക ഗുണഭോക്താക്കൾക്ക് നൽകാനുണ്ട് എന്നത് സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(എ) ക്ഷേമ പെൻഷൻ പദ്ധതികളുടെ കുടിശ്ശിക തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

| ക്രമ നം. | ജില്ല | കുടിശ്ശിക തുക(കോടി രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 138.15 |
| 2 | കൊല്ലം | 112.20 |
| 3 | പത്തനംതിട്ട | 32.59 |
| 4 | ആലപ്പുഴ | 100.05 |
| 5 | കോട്ടയം | 52.32 |
| 6 | ഇടുക്കി | 44.93 |
| 7 | എറണാകുളം | 124.62 |
| 8 | തൃശൂർ | 146.95 |
| 9 | പാലക്കാട് | 111.86 |
| 10 | മലപ്പുറം | 154.36 |
| 11 | കോഴിക്കോട് | 147.70 |
| 12 | വയനാട് | 41.82 |
| 13 | കണ്ണൂർ | 142.85 |
| 14 | കാസറഗോഡ് | 47.30 |
| ആകെ | | 1397.70 |

(ബി) ക്ഷേമപെൻഷനുകൾ യഥാസമയം കൊടുത്തു തീർക്കാനാവാതെ വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിൽ വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം പെൻഷൻ തുക നൽകി വന്നിരുന്ന പതിവ് മാറ്റി ഡിബിടി സമ്പ്രദായം മുഖേന അതത് മാസം പെൻഷൻ അനുവദിക്കുന്ന രീതി അവലംബിച്ച അവസരത്തിൽ ഡിബിടി ആരംഭിച്ച 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ നൽകുകയും കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്ന സംവിധാനവുമാണ് ഏർപ്പെടുത്തിയത്. ഇത് പ്രകാരം രണ്ട് മാസത്തെ കുടിശ്ശിക (2015 ഫെബ്രുവരി, മാർച്ച്) അനുവദിച്ചിട്ടുണ്ട്. നാമമാത്രമായിരുന്ന പെൻഷൻ തുകയിൽ വരുത്തിയ വർദ്ധനവും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കിയതു വഴി ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വൻവർദ്ധനവും പെൻഷൻ നൽകുന്നതിന് വേണ്ടി വരുന്ന

തുകയിൽ വലിയ വർദ്ധനവിന് കാരണമായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | അവ യഥാസമയം കൊടുക്കാൻ വൈകിയ സാഹചര്യം വിശദീകരിക്കാമോ ? | (സി) | ഡിബിടി സമ്പ്രദായത്തിൽ ബാങ്ക്/ പോസ്റ്റോഫീസ് എന്നിവ മുഖേനയും തീരെ അവശരായ ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് തുക അനുവദിക്കുന്നത്. ഗുണഭോക്താക്കളിൽ 60% ത്തിലധികം തിരഞ്ഞെടുത്തിട്ടുള്ള പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന തുക അയക്കുന്നതിന് പ്രസ്തുത അക്കൗണ്ടുകൾ കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുന്ന നടപടി നടക്കുന്നതിനാൽ പോസ്റ്റൽ അധികൃതർ തുക കൈപ്പറ്റാത്ത സാഹചര്യം നിമിത്തമാണ് 2015 സെപ്റ്റംബർ മാസം മുതലുള്ള തുക യഥാസമയം നൽകുന്നതിന് കാലതാമസമുണ്ടായത്. പ്രസ്തുത തുക ചെക്ക് മുഖേന നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**